A

502

# സമഗ്ര ശിക്ഷാ കേരളം
## വാർഷിക മൂല്യനിർണ്ണയം 2024-2025
## മലയാളം
## കേരളപാഠാവലി

ക്ലാസ് : 5 — സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ആകെ ആറു പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ആദ്യത്തെ പ്രവർത്തനം നിർബന്ധമായും ചെയ്യണം. ബാക്കിയുള്ള അഞ്ചു പ്രവർത്തനങ്ങളിൽ നാല് എണ്ണത്തിനുത്തരമെഴുതിയാൽ മതി.

---

**പ്രവർത്തനം 1 — വായിക്കാം എഴുതാം**

**സമ്മാനം**

ഓണത്തുമ്പികൾ പൂമ്പാറ്റകളും
താണുപറക്കും മലയാളം
വാഴപ്പൂവിന്നല്ലി വിടർത്തി -
ത്തേൻ നുണയുന്നോരണ്ണാനും
ചപ്പില ചിക്കിക്കലപില കൂട്ടി -
ച്ചെപ്പു കിലുക്കും മൈനകളും
മൂളിമുരണ്ടു വരുന്നൊരു വണ്ടിനു
വഴി കാട്ടുന്നൊരു പൂങ്കാറ്റും
കുഞ്ഞുചിലങ്ക കിലുക്കിത്തുള്ളി -
പ്പാഞ്ഞൊഴുകും പൂഞ്ചോലകളും
പുത്തനുടുപ്പുമണിഞ്ഞു ചിരിയ്ക്കും
പൂമണമേന്തിയ പൂവുകളും
അങ്ങകലത്തിലിരുന്നു ചിരിയ്ക്കും
കുഞ്ഞേ മുത്തം തന്നേ പോ.....
അത്തം പത്തിനു മുത്തം വാങ്ങാൻ
മുത്തേ വാവാ മലനാട്ടിൽ.....! .

*എം. വിജയലക്ഷ്മി*

1. മലയാള നാട് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണ്?
   (എ). ഭൂമി, (ബി). കേരളം, (സി). പൂഞ്ചോല, (ഡി). മാമലകൾ
2. വാഴപ്പൂവിന്റെ തേൻ നുണയുന്നത് ആരാണ്?
   (എ). തുമ്പികൾ, (ബി). അണ്ണാൻ, (സി). വണ്ട്, (ഡി). പക്ഷി
3. ഈ കവിതയിൽ വണ്ട് വരുന്നതിനെ എങ്ങനെ വിശേഷിപ്പിക്കുന്നു?
   (എ). കലപിലകൂട്ടി, (ബി). കിലുക്കിത്തുള്ളി, (സി). മൂളിമുരണ്ട്, (ഡി) ചിരിച്ചു ചിരിച്ച്

4. പൂഞ്ചോലയുടെ പ്രത്യേകത എന്താണ്?


(എ). ചിരിക്കുന്നു, (ബി). പൂമണമേന്തുന്നു, (സി). മുത്തം നൽകുന്നു,

(ഡി). ചിലങ്കകിലുക്കുന്നു

5. പുത്തനുടുപ്പ് അണിഞ്ഞു നിൽക്കുന്നത് ആരാണ്?

(എ). പൂവ്, (ബി). പൂഞ്ചോല, (സി). പൂങ്കാറ്റ്, (ഡി). മൈന

**പ്രവർത്തനം 2 (എ) ജീവചരിത്രക്കുറിപ്പ്**




കൂടുതൽ കാര്യങ്ങൾ കൂട്ടിച്ചേർത്ത് കുഞ്ചൻ നമ്പ്യാരുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൂ.

**(ബി)** പ്രാചീന കവിത്രയത്തിൽപ്പെടാത്തതാര്?

(ചെറുശ്ശേരി, വള്ളത്തോൾ, കുഞ്ചൻ നമ്പ്യാർ, എഴുത്തച്ഛൻ)

**പ്രവർത്തനം 3 സംഭാഷണം**

'കിള്ളിയാർ കാവൽ കിടന്ന കുടിലിനുള്ളിൽ അമ്മൂമ്മയും പെരുമ്പാമ്പും മറ്റാർക്കും മനസ്സിലാവാത്ത ഭാഷയിൽ പരസ്പരം സംസാരിച്ചുകൊണ്ടിരുന്നു.'

അവർ സംസാരിച്ച കാര്യങ്ങൾ എന്തെല്ലാമായിരിക്കും? സങ്കല്പിച്ചെഴുതുക.

**പ്രവർത്തനം 4 വിശകലനക്കുറിപ്പ്**

"പാരിടമൊന്നായിക്കാണും നേട്ടം
പാറട്ടെ മീതെയെൻ കൊച്ചുപട്ടം"

'ഏകലോകമെന്ന' ആശയത്തെയാണല്ലോ പട്ടം മുന്നോട്ടു വയ്ക്കുന്നത്. 'പട്ടം പറപ്പിക്കട്ടെ' എന്ന കവിതയെ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**പ്രവർത്തനം 5 (എ) കുറിപ്പ്**

'വിശാലമായ ലോകത്തിൽ നിന്ന് കണ്ണുകളെ മണ്ണിനുള്ളിലേക്ക് ചുരുക്കിയപ്പോൾ ഞങ്ങൾ ഒരു മായാലോകം തന്നെ കണ്ടു. മണ്ണിനടിയിലെ ലോകം'

'ഇതാ ഒരു മായാലോകം' എന്ന പാഠഭാഗത്തിൽ ഡോ. ബീബിനുണ്ടായ അനുഭവം നിങ്ങൾ ഓർക്കുന്നുണ്ടല്ലോ!

നിങ്ങളുടെ വീടിനു ചുറ്റുപാടുമുള്ള വിവിധ കാഴ്ചകൾ നിങ്ങൾ നിരീക്ഷിച്ചിട്ടുണ്ടായിരിക്കുമല്ലോ! നിങ്ങൾ കണ്ട കാര്യങ്ങൾ ഉൾപ്പെടുത്തി ഒരു കുറിപ്പ് തയ്യാറാക്കൂ.

**(ബി)** 'ഇതാ ഒരു മായാലോകം' എന്ന പാഠഭാഗം ഏതു കൃതിയിൽ നിന്നും എടുത്തിട്ടുള്ളതാണ്?

(പ്രകൃതി ഒരു സ്നേഹിത, മണ്ണും മനുഷ്യനും, ബാലഹൃദയം, മണ്ണിന്റെ കിനാവുകൾ)

**പ്രവർത്തനം 6 (എ) ഡയറിക്കുറിപ്പ്**

പൂവും കൊച്ചുകുട്ടിയും തമ്മിലുള്ള സൗഹൃദമാണല്ലോ 'കടലോളം സ്നേഹം' എന്ന യൂണിറ്റിന്റെ പ്രവേശകത്തിൽ നാം കണ്ടത്. പൂവും കുട്ടിയും തമ്മിൽ ധാരാളം കഥകൾ പങ്കുവച്ചു. പിറ്റേദിവസം രാവിലെ പൂവ് കൊഴിഞ്ഞുകിടക്കുന്നതു കണ്ടു. അത് അവളെ സങ്കടപ്പെടുത്തി.

അന്നേ ദിവസം അവൾ എഴുതാനിടയുള്ള ഡയറിക്കുറിപ്പ് തയ്യാറാക്കൂ.

**(ബി)** "എനിക്ക് മുകളിലോട്ട് കയറണം. പന്തലിട്ടുതരണം, പൂക്കണം, കായ്ക്കണം" ആരുടെ വാക്കുകളാണിത്?

(മത്തൻ, കയ്പവള്ളി, തെങ്ങ്, പപ്പായ)